**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3130** **25-10-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിഷൻ, മിഷൻ എന്നിവ വിശദീകരിക്കാമോ; | (എ) | ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിനു ലഭ്യമാക്കുക, ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മുന്നോട്ടു വയ്ക്കുന്ന പ്രധാനപ്പെട്ട ആശയം. ഒരുനാടിന്റെ പരിസ്ഥിതിയെയും, സംസ്കാരത്തെയും, പൈതൃകത്തെയും സംരക്ഷിച്ചുകൊണ്ട് തദ്ദേശീയർക്കു ടൂറിസം വഴി തൊഴിലും വരുമാനവും ഉറപ്പു വരുത്തി ആ പ്രദേശത്തെ ഒരേ സമയം തദ്ദേശീയർക്കു നന്നായി ജീവിക്കാനും ടൂറിസ്റ്റുകൾക്ക് ആസ്വദിക്കാനും കഴിയുന്ന സ്ഥലമാക്കി മാറ്റുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ലക്ഷ്യം. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നിങ്ങനെ മൂന്നു അടിസ്ഥാന ഉത്തരവാദിത്തങ്ങളിൽ ഊന്നിയുള്ളതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ. ഇത് വിജയകരമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ 2017 ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു . പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക, ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക, ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നീ പ്രധാന ലക്ഷ്യങ്ങളോടെ രൂപീകരിച്ച മിഷൻ 4 വർഷം കൊണ്ട് സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര വികസന രംഗത്ത് വലിയ മാറ്റമാണ് സൃഷ്ടിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ എന്തൊക്കെയാണ് നടപ്പാക്കിയതെന്നും കൈവരിച്ച നേട്ടങ്ങളും വിശദീകരിക്കാമോ? | (ബി) | വാമനപുരം നിയോജക മണ്ഡലത്തിൽപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'പെപ്പർ പദ്ധതി' ആരംഭിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ വിശേഷാൽ ടൂറിസം ഗ്രാമസഭ, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് |

| | | | |
|---|---|---|---|
| | | | ഡയറക്ടറി ( കരട് ) തയ്യാറാക്കൽ എന്നിവ നടന്നു കഴിഞ്ഞിട്ടുണ്ട്. ടൂറിസം സംരംഭക യോഗം കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ പരിശീലനങ്ങൾ ആണ് നടക്കേണ്ടത്. ഇതിൽ ജനപ്രതിനിധികൾക്കുള്ള പരിശീലനം ജില്ലാതലത്തിൽ നടന്നു. ഇതിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. തദ്ദേശവാസികൾക്കായുള്ള പരിശീലനങ്ങൾക്കുള്ള അപേക്ഷ പഞ്ചായത്ത് ശേഖരിച്ചു നൽകുന്നതനുസരിച്ചു പരിശീലനങ്ങൾ നൽകുന്നതാണ്. പ്രദേശത്ത് തദ്ദേശവാസികളെ ഉൾപ്പെടുത്തി വരുമാനം ലഭ്യമാക്കാൻ ഉതകും വിധം ഒരു അനുഭവവേദ്യ പാക്കേജു ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം പരിശീലനത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട് . ആയതിനുള്ള സ്ഥലങ്ങളും പരമ്പരാഗത തൊഴിലുകളും കലാപ്രവർത്തനങ്ങളും പഞ്ചായത്ത് ഔദ്യോഗികമായി നിർദേശിക്കേണ്ടതുണ്ട്. ആയതു ലഭ്യമാകുന്ന മുറക്ക് പ്രസ്തുത പാക്കേജ് തയ്യാറാക്കുന്നതാണ്. സംസ്ഥാനതലത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന പരിശീലനങ്ങളിൽ പ്രസ്തുത തദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രദേശവാസികൾക്ക് നേരിട്ട് അപേക്ഷ നൽകിയും ഭാഗമാകാവുന്നതാണ് . എന്നാൽ ആ തരത്തിലുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ